# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടവണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM(7)/54/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM(7)/54/23 തീയ്യതി: 16/02/2023

## മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2021 മുതൽ 04-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ:നസ്സീർ .ടി.കെ ഓഡിറ്റ് ഓഫീസർ
2.ശ്രീ:സന്തോഷ് .പി.ടി അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീമതി:സുജാത .എം സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി:സക്കീന .കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഭിലാഷ് .ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എം.എ.ജയ് | സെക്രട്ടറി | 01-04-2021 | 01-01-2022 |
| ശ്രീമതി.ജ്യോതി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-01-2022 | 02-02-2022 |
| ശ്രീ.എം.എ ജയ് | സെക്രട്ടറി | 03-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഫസീല ടി.കെ | കൃഷി ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീമതി.റൈഹാനത്ത് | കൃഷി ഓഫീസർ | 28-10-2021 | 07-12-2021 |
| ശ്രീമതി.റുബീന.പി | കൃഷി ഓഫീസർ | 08-12-2021 | 31-03-2022 |
| ശ്രീ.രഘു.പി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ജനീഫ് .പി | മെഡിക്കൽ ഓഫീസർ(FHC) | 01-04-2021 | 31-03-2022 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 03-05-2021 |
| ഡോ.ജയശ്രീ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 04-05-2021 | 29-06-2021 |
| ഡോ.മുഷീറ മിനി .എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 30-06-2021 | 31-03-2022 |
| ഡോ.ബീന.എസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.സനീജ .പി | വി.ഇ.ഒ | 01-04-2021 | 30-10-2021 |
| ശ്രീ.ജാഫർ ടി | വി.ഇ.ഒ | 31-10-2021 | 31-03-2022 |
| ശ്രീ.ഇബ്രാഹിം കുട്ടി | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സൂരജ്.എ.കെ | അസി.സെക്രട്ടറി | 10-07-2021 | 16-10-2021 |
| ശ്രീമതി.ജ്യോതി.എ | അസി.സെക്രട്ടറി | 17-09-2021 | 31-03-2022 |
| ശ്രീമതി.ഹസ്ന.സി | ക്ഷീരവികസന ഓഫീസർ | 01-04-2021 | 27-05-2021 |
| ശ്രീ.സുനിൽകുമാർ എം.പി | ക്ഷീരവികസന ഓഫീസർ | 28-05-2021 | 04-10-2021 |
| ശ്രീമതി.നസീമ .കെ | ക്ഷീരവികസന ഓഫീസർ | 05-10-2021 | 31-12-2021 |
| ശ്രീ.സുധാകരൻ .പി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. പുഷ്പജ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി. ഷഹന ഷറിൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-11-2021 | 31-03-2022 |
| ശ്രീ. അജയ്. എ | അസി. സെക്രട്ടറി | 01-04-2021 | 09-07-2021 |
| ഒഴിവ് | അസി. സെക്രട്ടറി | 10-07-2021 | 25-07-2021 |
| ശ്രീ. സൂരജ്.എ.കെ. | അസി. സെക്രട്ടറി | 26-07-2021 | 16-09-2021 |
| ശ്രീമതി. നൗഷ. കെ.എം. | ക്ഷീരവികസന ഓഫീസർ | 01-01-2022 | 31-03-2022 |
| ഡോ. രജീഷ്.എം. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ. | 1-11 |
| 12 | വ്യാപാരസ്ഥാപനങ്ങൾ-തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 13 | ഷോപ്പിങ് കോംപ്ലക്സ് -വാടക പിരിവ് - അപാകതകൾ | 1-13 |
| 14 | ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു | 1-14 |
| 15 | ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി. | 1-15 |
| 16 | പാർക്കിംഗ് ഏരിയ വ്യക്തമാക്കാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു. | 1-16 |
| 17 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച്. | 1-17 |
| 18 | സംയുക്ത പ്രൊജക്ടുകൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത് | 1-18 |
| 19 | അനധികൃത നിർമ്മാണങ്ങൾ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 20 | ബാലസഭ പ്രവർത്തനങ്ങൾക്കായി നൽകിയ തുക - സി.ഡി.എസ് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-20 |
| 21 | ന്യൂട്രിമിക്സ് വിതരണം- അപാകതകൾ | 1-21 |
| 22 | അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-മോണിറ്ററിംഗ് കാര്യക്ഷമമല്ല. | 1-22 |
| 23 | പി എം എ വൈ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.-ചെലവ് തുക തടസ്സം ചെയ്യുന്നു, | 1-23 |
| 24 | സാക്ഷരതാ പ്രേരകിന് ഹോണറേറിയം- തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 25 | ഇൻകം ടാക്സ് ലേറ്റ് ഫയലിംഗ് ഫീ- ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 26 | നെൽകൃഷി വികസനം- അപാകതകൾ | 1-26 |

| | | |
|---|---|---|
| 27 | ടോയ് ലറ്റ് നിർമ്മാണം-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-27 |
| 28 | ലൈഫ് ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. | 1-28 |
| 29 | അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല. | 1-29 |
| 30 | തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും വൈദ്യുതിചാർജ്ജും - കണക്കുകൾ വ്യവസ്ഥാപിതമായി സൂക്ഷിക്കുന്നില്ല | 1-30 |
| 31 | ആശ്രയ പദ്ധതി | 1-31 |
| 32 | ആർ.ജി.എസ്.എ റിസോഴ്സ് സെന്റർ - വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 33 | ചാത്തല്ലൂർ പി.എച്ച്.സി കെട്ടിട നിർമ്മാണം -വിഹിതം നൽകൽ - തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 34 | MGNREGS -ടെൻണ്ടർ നടപടിയിലെ അപാകതകൾ- ഓഡിറ്റ് അന്വേഷണത്തേ തുടർന്ന് 23636/-രൂപ അടവാക്കി | 1-34 |
| 35 | വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 36 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് അടവാക്കി. | 1-36 |
| 37 | ഹോമിയോ മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-37 |
| 38 | പഞ്ചായത്ത് വാഹനത്തിന് ടയർ മാറ്റൽ -വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-38 |
| 39 | FHC -മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-39 |
| 40 | അസി.എൻജിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് പഞ്ചായായത്തിന് കൈമാററുന്നത് സംബന്ധിച്ച് | 1-40 |
| 41 | PHC റിപ്പയർ -പൊളിച്ചുമാറ്റിയവയുടെ ഡിസ്പോസൽ വിവരം ലഭ്യമാക്കണം | 1-41 |
| 42 | റോഡ് കോൺക്രീറ്റ് - അധിക നിരക്കായി അനുവദിച്ച 27139/-രൂപ ഓഡിറ്റ് അന്വോഷണത്തേ തുടർന്ന് തിരികെ അടവാക്കി | 1-42 |
| 43 | മരാമത്ത് പ്രവർത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 2(1) /17.2.2021 | 4(2)/7.3.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 14.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32888011 |
| വരവ് | 140836715 |
| ആകെ | 173724726 |
| ചെലവ് | 122885400 |
| നീക്കിയിരിപ്പ് | 50839326 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 23707933 | 23707933 | 23099881 | 608052 |
| പ്ലാൻ (SCP) | 0 | 11518000 | 11518000 | 10510670 | 1007330 |
| പ്ലാൻ (TSP) | 0 | 845334 | 845334 | 752667 | 92667 |
| CFC(untied ) | 0 | 5006000 | 5006000 | 5107893 | (-)101893 |
| CFC (TIED) | 0 | 13448030 | 13448030 | 5137109 | 8310921 |
| റോഡ് (MG) | 0 | 25532000 | 25532000 | 21044478 | 4487522 |
| റോഡിതരം (MG) | 0 | 8325574 | 8325574 | 6710223 | 1615351 |
| ബി ഫണ്ട് | 0 | 84572840 | 84572840 | 84572840 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 268 | 235582202 | 231 | 99007176 | 0 | 37 | 86% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 840 | 722498 | 723338 | 722371 | 967 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21559084 | 21559084 | 21559084 | 0 |
| ആകെ | 840 | 22281582 | 22282422 | 22321455 | 967 |

### 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 4910000 | 318 |
| വിധവാപെൻഷൻ | 23078800 | 1404 |
| വാർദ്ധക്യകാലപെൻഷൻ | 45516400 | 3234 |
| വികലാംഗപെൻഷൻ | 9928600 | 654 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 817600 | 53 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2023 ന് 11.30 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15950/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല. ഭൂരിഭാഗം സ്റ്റോക്കുകളുടെയും വിവരം കണ്ടിജന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തി കാണുന്നത്.

കൂടാതെ, ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പാലിക്കുന്നില്ല.

3)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2021-22 വർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

വ്യക്തമായ ലക്ഷ്യബോധവും, ആസൂത്രണവുമില്ലാതെ പദ്ധതിപണം ചെലവഴിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

4)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം, ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും നേതൃത്വപരമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കേണ്ടതും അന്തിമ വിശകലനം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളിലും ക്രിയാത്മകപങ്ക് വഹിക്കേണ്ടത് സ്റ്റാന്റിംഗ് കമ്മറ്റികളുടെ ചുമതലയാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടൽ പര്യാപ്തമല്ല.

5) 2021-22 വർഷത്തിൽ പർച്ചേസിംഗ് കമ്മറ്റി രൂപികരിച്ചിട്ടില്ല.

6)വൗച്ചറുകളുടെ സൂക്ഷിപ്പ് ശരിയല്ല. വൗച്ചറുകൾ സീരിയൽ നമ്പർ ക്രമത്തിൽ സൂക്ഷിക്കുന്നില്ല. ഫയലുകളുടെ സൂക്ഷിപ്പും ശരിയല്ല. വൗച്ചറുകളിൽ ചെലവിനാധാരമായ കാരണം കൃത്യമായി രേഖപ്പെടുത്തുന്നില്ല. തനത്ഫണ്ട് വൗച്ചറുകളുടെ കൂടെ ചെലവിനാധാരമായ വിവരങ്ങൾ രേഖപ്പെടുത്തിയ സെക്രട്ടറിയുടെ ഉത്തരവ്, ചെലവ് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, കൃത്യമായ ചെലവുരേഖകൾ എന്നിവ സൂക്ഷിക്കേണ്ടതും കണ്ടിജന്റ് ചെലവുകൾ സംബന്ധിച്ച് കൃത്യമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടതും, അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

7) പ്രോജക്ടുകളുടെ നടത്തിപ്പിൽ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്. സെക്രട്ടറിയുടെ പ്രോജക്ടുകളിൽ മിക്കതും ശരിയായി രേഖകൾ സൂക്ഷിക്കാത്തതിന്റെ അവസ്ഥ പ്രകടമാണ്. വിശദാംശങ്ങൾ ഭാഗം ഒന്നിലെ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

8) തെരുവ് വിളക്കുകളുടെ എണ്ണം, ഇനം മുതലായവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത

പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). വൈദ്യുതി ചാർജ് ഇനത്തിൽ നല്ലൊരു തുക ഗ്രാമപഞ്ചായത്ത് മാസംതോറും അടവാക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തെരുവിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും ഒരു വിവരവും ഗ്രാമപഞ്ചായത്തിൽ ഇല്ല. തൻവർഷവും ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആയവ സംബന്ധിച്ചും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

9) 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. എടവണ്ണ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ആയതു രൂപീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി തന്നിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി അറിയിക്കേണ്ടതാണ്.

10) വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുമ്പോൾ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഫയലിൽ ആവശ്യമാണ്. എന്നാൽ പാലിന് സബ്സിഡി പോലുള്ള പ്രൊജക്ട് ഫയലിൽ അവ ലഭ്യമാക്കിയിട്ടില്ല. (സ.ഉ.(കൈ) 11/2018/തസ്വഭവ തി. 29-1-2018 ലെ പദ്ധതി മാർഗരേഖ ഖണ്ഡിക 11.3 കാണുക)

11) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പ് വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2022 | 01.11.2022 മുതൽ 31.12.2022 വരെ | 20.12.2022 |
| എ.ജി ഓഡിറ്റ് | 14.06.2017 മുതൽ 23.06.2017വരെ | 2012-13 മുതൽ 2016-17 വരെ | 3.8.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

2021-22 വാർഷിക കണക്കിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ,ടൈഡ്, അൺ ടൈഡ് എന്നിവയുടെ വരവ് ചെലവ് കണക്കുകൾ AFS ഉം ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

| | | വരവ് | ചെലവ് |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്+അൺ ടൈഡ്) | AFS | 3756365+7508000+5090962=16355327 | 16355327-6247065=10108262 |
| | ACR | 13448030+5006000=18454030 | 10245002 |

2)Special TSB Joint Venture അക്കൗണ്ടിൽ 31-03-22ന് (അക്കൌണ്ട് നമ്പർ 799011400003214)നീക്കിയിരിപ്പ് 1000000/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 1083100/-രൂപയാണ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

3)Total Sanitation Campaign ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക (B-4) നീക്കിയിരുപ്പുമായി (RP 40(b)) പൊരുത്തപ്പെടുന്നില്ല.

4)CFC ഗ്രാന്റ് ടൈഡ് ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക (B-4) നീക്കിയിരുപ്പുമായി (RP 40(b)) പൊരുത്തപ്പെടുന്നില്ല.

5)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

6) ബാങ്ക് റിക്കൻസിലിയേഷൻ പത്രികകൾ യഥാസമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7). ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതില്ലാത്തതിനാൽ ഷെഡ്യൂൾ B-7, RP- 34 എന്നിവ പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8). ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ B-18, RP- 47 എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9). ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-5, RP- 32 പ്രകാരമുള്ള തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ആസ്തികളുടെ മൂല്യം കണക്കാക്കിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

11)പ്രോജക്ട് നം 303/22,304/22 പ്രകാരം നിക്ഷേപ പ്രവർത്തികൾക്ക് വേണ്ടി കെ എസ് സി ബി ക്ക് മുൻകൂർ തുക(1306857/-രൂപ) നൽകിയെങ്കിലും ആയത് 460500202-advance To Implementing Agencies -Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

12)ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)

13. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (30880686) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (17951315) തമ്മിൽ പൊരുത്തപ്പെടുന്നില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(32/11-1-23) അപാകതകൾ പരിഹരിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 വ്യാപാരസ്ഥാപനങ്ങൾ-തൊഴിൽ നികുതി ഈടാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും,സംരഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നമ്പർ | സമർപ്പിക്കപ്പെട്ട അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 1 | ബക്കർ ഫ്യൂവൽസ് | 345 | 8 | 1,2 |
| 2 | എമറേറ്റ് ടൈൽസ് | 346 | 4 | 1,2 |
| 3 | റിഥം മാർക്കറ്റിംഗ് | 329 | 4 | 1,2 |
| 4 | എം ജി മോട്ടോഴ്സ് | 347 | 5 | 1,2 |
| 5 | ട്രീ ടെക്ക് ഫർണ്ണിച്ചർ | 380 | 4 | 1,2 |
| 6 | സിതാര ഫർണ്ണിച്ചർ | 396 | 6 | 1,2 |
| 7 | ഫാഷൻ ഫർണ്ണിച്ചർ | 397 | 6 | 1,2 |
| 8 | നസ്മ ഡെക്കറേഷൻ | 438 | 4 | 1,2 |
| 9 | സ്റ്റൈലോ ഏജൻസീസ് | 469 | 4 | 1,2 |
| 10 | കല്ലിംഗൽ ടിംമ്പേഴ്സ് & ഫർണ്ണിച്ചേർസ് | 711 | 10 | 1,2 |
| 11 | പി എം പെട്രോളിയം | 739 | 7 | 1,2 |
| 12 | ദയ വെൻജേഴ്സ് എൽ എൽ പി | 806 | 6 | 1,2 |
| 13 | പ്രോംപ്റ്റ് വുഡ് വർക്ക്സ് | 811 | 4 | 1,2 |
| 14 | കെ സി ഇന്റസ്ട്രീസ് | 832 | 5 | 1,2 |

| | | | | |
|---|---|---|---|---|
| 15 | ദോസ്തി വുഡ് ഇന്റസ്ട്രീസ് | 835 | 4 | 1,2 |
| 16 | ഒപ്പം ഹൈപർസോൺ | 840 | 6 | 1,2 |
| 17 | പി കെ ഫർണ്ണിച്ചർ | 853 | 8 | 1,2 |
| 18 | ഹിലാൽ വുഡ് ഇന്റസ്ട്രീസ് | 6 | 4 | 1,2 |
| 19 | എം എസ് ബ്രിക്സ് | 69 | 4 | 1,2 |
| 20 | ന്യൂ ചാലിയാർ ഫർണ്ണിച്ചർ | 72 | 4 | 1,2 |
| 21 | കടവത്ത് ട്രേഡേർസ് | 116 | 5 | 1,2 |
| 22 | അബാൻ ഗോൾഡ് | 166 | 4 | 1,2 |
| 23 | സി പി എ ജ്വല്ലറി | 167 | 4 | 1,2 |
| 24 | സൗഹൃദം ജനകീയ ഹോട്ടൽ | 171 | 7 | 1,2 |
| 25 | മാർജിൻ ഫ്രീ മാർക്കറ്റ് | 235 | 4 | 1,2 |
| 26 | അനുപമ ഗോൾഡ് ഗാല്ലറി | 236 | 5 | 1,2 |
| 27 | സെഞ്ചറി ടൈൽസ് &ഇന്റർലോക്ക് | 238 | 4 | 1,2 |
| 28 | വൺസ്റ്റോക്ക് ഓട്ടോ ഹബ്ബ് | 282 | 5 | 1,2 |
| 29 | കദീജ പെട്രോളിയം | 473 | 8 | 1,2 |
| 30 | ജാം ജ്രം ഫുഡ് പ്രോഡക്ട് | 537 | 8 | 1,2 |
| 31 | ഒ കെ എസ് ഫർണ്ണിച്ചർ | 512 | 4 | 1,2 |
| 32 | ഫൈഹ വാട്ടർ സൊല്യൂഷൻസ് &ഡ്രിംക്സ് | 562 | 4 | 1,2 |
| 33 | അന ഫർണ്ണിച്ചർ | 564 | 15 | 1,2 |
| 34 | ഡോ അർഷാദ് ഡെന്റൽ കെയർ | 568 | 4 | 1,2 |
| 35 | യെസാർസ് എക്സിംകോ | 647 | 5 | 1,2 |
| 36 | നദ ഗാർമെന്റ് | 659 | 15 | 1,2 |
| 37 | ഐമീ ഗാർമെന്റ് | 660 | 6 | 1,2 |
| 38 | ഡാൽമിയ ഇന്റർനാഷണൽ | 680 | 9 | 1,2 |

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി നമ്പർ 23/11.01.2023] സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഷോപ്പിങ് കോംപ്ളക്സ് -വാടക പിരിവ് - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിവ് സംബന്ധിച്ച് പരിശോധിക്കുന്നതിന്റെ ഭാഗമായി വാടക രജിസ്റ്റർ, ഫയൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രാമപഞ്ചായത്തിന്റെ വിവിധ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

2.റൂം നം 10/807, 10/805 എന്നീ കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.

3 വാടകക്കനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്. റൂമുകൾ ലേലത്തിൽ പിടിക്കുമ്പോൾ ടിയാളുകളുടെ കയ്യിൽ നിന്നും വാങ്ങിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് എത്രയാണെന്നത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

4.വാടക ഇനത്തിൽ 12123 /-രൂപ(2020-21) ,17686(2019-20) കുടിശ്ശികയുണ്ട് .ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

5.10/801 എന്ന കടമുറി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കടമുറി ആണെങ്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വാടക രജിസ്റ്ററിൽ കാണുന്നില്ല. ഈ കടമുറിക്ക് 2021-22 ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. വാടക ഈടാക്കിയ വിവരം ലഭ്യമല്ല.

മേൽ പരാമർശത്തിൻമേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 22/11.1.23) അപാകത പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു

2021-22 ലെ വ്യാപാര ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും വ്യാപാര ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം ലൈസൻസ് അനുവദിച്ചതിൽ നിന്ന് വ്യത്യാസപ്പെട്ട് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|---|
| 1 | 644 | 8/416 | മാക്സ് പെയിന്റ്സ് വാട്ടർ പെയിന്റ് നിർമ്മാണം | ഉടമയുടെ പേര് ചേർത്തിട്ടില്ല. ഓഫീസ് ആവശ്യം |
| 2 | 246 | 11/635 | സി എം കാർപ്പറ്റ് വേൾഡ് ഹാർഡ്‌വെയർ സാധന വിൽപന | ഷാജി ഷാനവാസ് ആശുപത്രികൾ |
| 3 | 217 | 12/435 | പി വി സി സ്റ്റോർ പലചരക്ക് കച്ചവടം | ഈ കെട്ടിടം നിലവിലില്ല. |
| 4 | 181 | 15/470 | സി പി സ്റ്റോർ പലചരക്ക് കച്ചവടം | ഷെരീഫ് ഓഫീസ് ആവശ്യം |
| 5 | 43 | 10/586 | ടി എം സ്റ്റോർ പലചരക്ക് കച്ചവടം | ഈ കെട്ടിടം നിലവിലില്ല. |
| 6 | 31 | 13/404 | Fardous Foods ബേക്കറി ഉൽപാദനം | ഹസ്സൻ കോയ പാർപ്പിടം |
| 7 | 839 | 6/147 | ഇന്റസ്ട്രിയൽ വർക്ക്സ് | പാലക്കോടൻ അബ്ദുൽ കബീർ പാർപ്പിടം |
| 8 | 828 | 8/413 | പോളിഷ് | നിഷാദ് |

| | | | | |
|---|---|---|---|---|
| | | | ഉൽപന്നങ്ങളുടെ നിർമ്മാണവും വിൽപ്പനയും | ഓഫീസ് ആവശ്യം |
| 9 | 764 | 12/102 | ഡെന്റൽ മെറ്റീരിയൽ ട്രേഡിംഗ് | അബ്ദുൽ സലാം പാർപ്പിടം |
| 10 | 405 | 10/628 | പ്രിന്റിംഗ് പ്രസ്സ് | മുഹമ്മദ് സാദിക് ആശുപത്രികൾ |
| 11 | 321 | 10/261 | മൊബൈൽ വിൽപ്പന | കടവത്ത് അബ്ദുള്ള പാർപ്പിടം |
| 12 | 701 | 8/279 | സ്റ്റേഷനറി കച്ചവടം | അബ്ദുൽ റഷീദ് പാർപ്പിടം |
| 13 | 377 | 6/520 | സിമന്റ് കച്ചവടം | ഈ കെട്ടിടം നിലവിലില്ല. |

പാർപ്പിടാവശ്യങ്ങൾക്ക് വേണ്ടി നികുതി നിർണ്ണയിച്ച നൽകിയ കെട്ടിടങ്ങൾ തരം മാറ്റാതെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ആയത് മൂലം വസ്തു നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി 24/11-1-23] ഒക്യുപൻസി മാറ്റി നികുതി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വ്യാപാര ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗത്തിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 28 പ്രകാരം കെട്ടിടത്തിന് തെരുവ് വിട്ടുള്ള കാർ പാർക്കിംഗ് ആവശ്യമായിട്ടുള്ളപ്പോൾ കെട്ടിടത്തിലേക്കും പ്ലോട്ടിലേക്കും 3 മീറ്ററിൽ കുറയാത്ത വീതിയുള്ള വാഹന വഴി വ്യവസ്ഥ ചെയ്യേണ്ടതാണ് എന്നും ചട്ടം 29(4) പ്രകാരം തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് 3 മീറ്ററിൽ കുറയാത്ത ഡ്രൈവ് വേ സൗകര്യത്തോടെയായിരിക്കണം ഓരോ പാർക്കിംഗ് സ്ഥലവും ഒരുക്കേണ്ടത് എന്നും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ ചട്ടങ്ങൾ പാലിക്കാതെ നിർമിച്ച കെട്ടിടത്തിന് നമ്പർ നൽകിയതായി പരിശോധനയിൽ വ്യക്തമായി.

ഫയൽ നം-A2-9764/2021

കെട്ടിട ഉടമസ്ഥൻ - ശ്രീ ചീമു ഹാജി&മൊയ്തീൻകുട്ടി

റീ സർവേ നമ്പർ - 273/13-6,44/2-3

വിസ്തൃതി - 2.63ആർ.

പെർമിറ്റ് നം - A1-BA(148050/2021)/24-6-21

കെട്ടിടത്തിന്റെ തരം - വാണിജ്യം.

നൽകിയ നമ്പർ - 11/562M,N,O,P (295.28 ച മീ)

പൂർത്തീകരിച്ച് നമ്പറിന് അപേക്ഷ നൽകിയ തിയ്യതി - 13-12-21 / A2-9764/21

കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പരിശോധിച്ചതിൽ പാർക്കിംഗ് കാണിച്ചിരിക്കുന്ന വാഹനത്തിന് വാഹനങ്ങളുടെ ഡ്രൈവ് വേ, വാഹനം തിരിക്കുന്നതിനുള്ള സ്ഥലം ,കാർ പാർക്ക് ചെയ്യുംമ്പോൾ കെട്ടിടത്തിലേക്ക് വഴി എന്നിവ പ്ലാൻ പ്രകാരം ലഭ്യമല്ല. പ്ലാൻ പ്രകാരം പ്രവേശന വഴിയിൽ ആണ് പാർക്കിംഗ് കാണിച്ചിട്ടുള്ളത്. ഡ്രൈവ് വേ നൽകുകയാണെങ്കിൽ കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിംഗ് സ്ഥലം ഈ കെട്ടിടത്തിന് ഇല്ല.

വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 42/13-1-23) അപാകതകൾ പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ പൂർണ്ണമായും ചട്ടങ്ങൾക്കനുസരിച്ചിട്ടാണോ നിർമ്മാണം പൂർത്തിയാക്കിയതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 പാർക്കിംഗ് ഏരിയ വ്യക്തമാക്കാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ ചട്ടം 6(8) പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ചുവടെ ചേർത്ത കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ ആവശ്യമായ പാർക്കിംഗ് പ്ലാനുകൾ ഉൾപ്പെടുത്താതെയും സമർപ്പിച്ച പ്ലാനിൽ പാർക്കിംഗ് സൗകര്യം കാണിക്കാതെയും സമർപ്പിച്ച അപേക്ഷക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതായി പരിശോധനയിൽ വ്യക്തമായി.

കെട്ടിട ഉടമസ്ഥൻ - ശ്രീ. ജിസ്സ മറിയം& അതേർസ്

സർവേ നമ്പർ - 73/335/3-14

വിസ്തൃതി(പ്ലോട്ട്) -.0692H

കെട്ടിടത്തിന്റെ തരം - വാണിജ്യം (111.34ചമീ), സ്പെഷ്യൽ റെസിഡൻസ് (161ചമീ)

പെർമിറ്റ് നം -A2-BA(20333)/2022/3-1-2022

ഇത്തരത്തിൽ ചട്ടപ്രകാരം വേണ്ട പാർക്കിംഗ് പ്ലാൻ ഇല്ലാതെയുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 37/12-1-23)ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന സമയത്ത് അപാകതകൾ പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ പൂർണ്ണമായും ചട്ടങ്ങൾക്കനുസരിച്ചിട്ടാണോ നിർമ്മാണം പൂർത്തിയാക്കിയതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച്.

2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-18 പ്രകാരം (460500499-Advance To Accredited Agencies) എന്ന ഹെഡ്ഡിൽ 2016-17 മുതൽ 3,000,000രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന്റ പ്രൊജക്ട് വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/11-1-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 സംയുക്ത പ്രൊജക്ടുകൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത്

സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടി തുക സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി തുടങ്ങിയ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 2021-22 വർഷത്തിലെ ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം ബാധ്യതാ ഹെഡിലുള്ള തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| 320700204 | 518450 |
| 320700205 | 19850 |
| 320700404 | 167000 |
| 320700405 | 377700 |
| ആകെ | 1083000 |

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.07.2017 ലെ സ. ഉ (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ധനസഹായം നൽകുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 -നു മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള തുക കണക്കാക്കി ആയത് ധനസഹായം നൽകിയ തദ്ദേശ സ്ഥാപനത്തിന് മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം, ഫെബ്രുവരി 28 -നു മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ 2021-22 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ - 4 പ്രകാരം 31.3.2022 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 685450/-രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 397650/-രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളാണ് സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം സയുക്ത പ്രോജക്ടിനുള്ള ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ ഈ ബാലൻസ് തുക മുഴുവനായും ഇല്ല. 31.03.2022ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 1000000/- രൂപ മാത്രമാണ്. ചെലവഴിക്കാത്ത തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം41/21-22/13.1.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 അനധികൃത നിർമ്മാണങ്ങൾ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, ചുവടെ ചേർത്ത കെട്ടിടം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 13.1.2023 ന് ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം , വിസ്തീർണ്ണം-ഫയൽ/സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ | പരിശോധനയിലെ കണ്ടെത്തലുകൾ/അപാകതകൾ |
|---|---|
| ഫയൽ നം എ2-943/2020 തീ 31-1-2022<br>സഫീർ,അബ്ദുൽ ഗഫൂർ ,കളപ്പാടൻ വീട്<br>12/338 AJ മുതൽ AV വരെ<br>ആകെ =381.46 ചമീ<br>കെട്ടിടത്തിന് 4 കാർ പാർക്കിഗ് സൗകര്യം, ഗ്രൗണ്ട് ഫ്ലോറിൽ ആണ് ഒരുക്കിയിരിക്കുന്നത്. | ഫയൽ പ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ നിലവിൽ ലഭ്യമല്ല. പ്ലാനിൽ രേഖപ്പെടുത്തിയ ഗ്രൗണ്ട് ഫ്ലോറിലെ നാല് കാർ പാർക്കിംഗ് സ്ഥലം നിലവിൽ ഷട്ടറുകൾ സ്ഥാപിച്ച് വാഹനങ്ങൾക്ക് പ്രവേശിക്കാനാവാത്ത വിധം തറയുൾപ്പടെയുള്ള ഗോഡൌൺ ആക്കി മാറ്റിയിട്ടുണ്ട്.<br>ഈ കെട്ടിടത്തിൽ ടി എം കെ ഹോം ബസാർ എന്ന സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. |

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ലോറിൽ 160.5ച മീ വിസ്തീർണമാണ് ഉള്ളത്. ആയതിൽ നാല് കടമുറികളും, രണ്ട് ടോയിലറ്റുകളും, ഒരു സ്റ്റെയർ റൂമും ഉൾപ്പടെയുള്ള 105.3 ച.മി വിസ്തീർണം കിഴിച്ച് അവശേഷിക്കുന്ന 55.2 ച മീ വിസ്തീർണം നിയമാനുസൃതമുള്ള പാർക്കിംഗിന് വേണ്ടി നീക്കിവെച്ചിട്ടുള്ളതാണ്. കെട്ടിടത്തിൽ ആകെ ഒരുക്കേണ്ട 4 കാർ പാർക്കിംഗിൽ 4 എണ്ണവും പ്രസ്തുത സ്ഥലത്താണ് മാർക്ക് ചെയ്തിട്ടുള്ളത് .മേൽ ഭാഗം നിലവിൽ പാർക്കിംഗിന് ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ ഷട്ടറുകൾ ഘടിപ്പിച്ച് ഗോഡൌൺ ആക്കി മാറ്റുകയും ചെയ്തിട്ടുള്ളതിനാൽ കെട്ടിടത്തിന് നിയമാനുസൃതമുള്ള പാർക്കിംഗ് സൗകര്യം ഇല്ല. ആയത് 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ (ചട്ടം 29) ലംഘനമാണ്. കെട്ടിടം നിയമാനുസൃതമല്ലാത്ത നിർമ്മാണമായി കണക്കാക്കി, ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 ബാലസഭ പ്രവർത്തനങ്ങൾക്കായി നൽകിയ തുക - സി.ഡി.എസ് അക്കൗണ്ടിൽ

ചെലവഴിക്കാതെ അവശേഷിക്കുന്നു.

കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി അസിസ്റ്റന്റ് സെക്രട്ടറി 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ ബാലസഭ പ്രവർത്തനങ്ങൾ (137/22) എന്ന പദ്ധതി പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി എടവണ്ണ സി.ഡി എസ് അക്കൗണ്ടിലേക്ക് (1696101030696) 50000/- രൂപ നൽകിയിട്ടുണ്ട്. ബാലസഭ അംഗങ്ങളായ കുട്ടികൾക്കായി പഠനയാത്ര നടത്തുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്ന് പ്രവർത്തനങ്ങൾക്കായി 34,415/- രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും 15,585/- രൂപ സി.ഡി എസ് അക്കൗണ്ടിൽ അവശേഷിക്കുന്നതായും വ്യക്തമായി. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക 15,585/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കാൻ ആവശ്യപ്പെട്ടതിനെ (Enquiry Number : 25/21-22/11.1.23) തുടർന്ന് 15,585/- രൂപ സി.ഡി എസ് അക്കൗണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് 332079/12.01.2023 നമ്പർ ചെക്ക് പ്രകാരം അടവാക്കി.

## 1-21 ന്യൂട്രിമിക്സ് വിതരണം- അപാകതകൾ

പ്രൊജക്ട് നമ്പർ : 27/22 അംഗനവാടി പോഷകാഹാരം

പേര് :267/22 ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പൂരക പോഷകാഹാരം

:28/22 അംഗനവാടി പോഷകാഹാരം എസ് സി

1 ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചില്ല.

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത നവജീവൻ ന്യൂട്രിമിക്സ് കരുളായി എന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടില്ല.

2 ലാബ് പരിശോധനാറിപ്പോർട്ട് ലഭ്യമാക്കിയില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐസിഡിഎസ് ബി 3/312/10തി.18.12.10 നമ്പർ കത്ത് പ്രകാരം 2 മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദേശിച്ചിരുന്നു. ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധനാ റിപ്പോർട്ട് (30.7.21ന് സമർപ്പിച്ച് സാമ്പിളുകൾ ഒഴികെ) ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 3/6.1.2023 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ന്യൂട്രിമിക്സ് ലാബ് പരിശോധനാ റിപ്പോർട്ട് ഫയലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-22 അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-മോണിറ്ററിംഗ് കാര്യക്ഷമമല്ല.

പഞ്ചായത്തിലെ 14 അംഗനവാടികൾ ഭൗതിക അനുബന്ധ സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ഡിജിറ്റലൈസ് ചെയ്യുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയുമാണ് പ്രോജെക്ട് വിഭാവനം ചെയ്യുന്നത്.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 325/21-22 |
| പ്രോജെക്ടിന്റെ പേര് | 14 അംഗനവാടികൾ സ്മാർട്ട് ആക്കൽ |
| അടങ്കൽ | 1960000-മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | ബിൽ നമ്പർ 525/29.3.22 1960000 രൂപ |
| നിർവഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

7.2.22 ലെ 1(1) നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം താഴെ പറയുന്ന 14 അംഗനവാടികൾ സ്മാർട്ട് ആക്കുന്നതിന് കേരള ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (അക്രഡിറ്റഡ് ഏജൻസി) നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്.

| ക്രമനമ്പർ | അംഗനവാടിയുടെ പേര് | സെന്റർ നമ്പർ |
|---|---|---|
| 1 | കാരേപ്പറമ്പ് | 124 |
| 2 | പൊന്നംകുന്ന് | 132 |
| 3 | കുണ്ടുതോട് | 97 |
| 4 | ഒതായി | 105 |

| | | |
|---|---|---|
| 5 | പണിക്കർ പള്ളിയാളി | 130 |
| 6 | കുനിയമണ്ണ് | 131 |
| 7 | ആനക്കല്ല് | 139 |
| 8 | ചെമ്പക്കത്ത് | 100 |
| 9 | അരിമംഗലം | 116 |
| 10 | കല്ലിട്ടമ്പ് | 109 |
| 11 | പെരുവിൽകുണ്ട് | 118 |
| 12 | പന്നിപ്പാറ | 112 |
| 13 | ഐഞ്ഞൂർ | 101 |
| 14 | വെള്ളച്ചാൽ | 128 |

ഇൻവോയ്സ് നമ്പർ 583/5.3.22 പ്രകാരം 8,49,967 രൂപ ചെലവഴിച്ച് താഴെ പറയുന്ന ഉപകരണങ്ങൾ ആർട്ട്ക്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | ഉപകരണത്തിന്റെ പേര് | എണ്ണം | വില | ആകെ വില | എസ്ജിഎസ്ടി | സിജിഎസ്ടി | ആകെ വില |
|---|---|---|---|---|---|---|---|
| 1 | WOODEN MULTI PURPOSE TECHING AND ART BOARD | 14 | 5470 | 76580 | 4594 | 4594 | 85768 |
| 2 | HALLOW TABLE | 38 | 3790 | 144020 | 12961.80 | 12961.80 | 169943.6 |
| 3 | BABY FIBRE/PLASTIC CHAIR | 278 | 398 | 110644 | 9957.96 | 9957.96 | 130559.92 |
| 4 | STORAGE STAND | 12 | 4590 | 55080 | 4957.20 | 4957.20 | 64994.4 |
| 5 | ACTIVITY HAND COORDINATION CUBE | 14 | 2750 | 38500 | 2310 | 2310 | 43120 |
| 6 | INDOOR TOY BIN | 14 | 1730 | 24220 | 2179 | 2179 | 28578 |
| 7 | ADJUSTIBLE BASKET BALL SET | 14 | 1400 | 19600 | 1176 | 1176 | 21952 |
| 8 | SPEAKER WITH MIKE | 14 | 6430 | 90020 | 8101.80 | 8101.80 | 106223.6 |
| 9 | OUTDOOR PLAY AREA SETTING SLIDE | 6 | 15500 | 93000 | 5580 | 5580 | 104160 |
| 10 | OUTDOOR FOOTBALL AND TURF PLAY AREA | 345 | 245 | 84525 | 5071.50 | 5071.50 | 94668 |
| | ആകെ | | | 736189 | 56889.26 | 56889.26 | 849967 |
| | | | | | | | 849967.52 |

ഇൻവോയ്സ് നമ്പർ 584/5.3.22 പ്രകാരം സ്മാർട്ട് ടി വി വാങ്ങുകയും താഴെ പറയുന്ന ഫർണിഷിംഗ് വർക്കുകൾ ആർട്ട്ക്കോ മുഖാന്തിരം നടത്തുകയും ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | ഉപകരണത്തിന്റെ പേര് | എണ്ണം | വില | ആകെ വില | എസ്ജിഎസ്ടി | സിജിഎസ്ടി | ആകെ വില |
|---|---|---|---|---|---|---|---|
| 1 | BISEPHANOL | 915 | 275 | 251625 | 22646.25 | 22646.25 | 296917.50 |

| | | | | | | | |
|---|---|---|---|---|---|---|---|
| | FREE ETHYLENE VINYL ACETATE RUGS | | | | | | |
| 2 | SMART TV 32 INCHFULL HD | 12 | 19500 | 234000 | 21060 | 21060 | 276120 |
| 3 | ANGANWADI FRONT WALL PAINTING | 1 | 9510 | 9510 | 570.60 | 570.60 | 10651.20 |
| 4 | ANGANWADI OUTSIDE FULL PAINTING | 1 | 21500 | 21500 | 1290 | 1290 | 24080 |
| 5 | CLASSROOM AND FRONT WALL ART | 1 | 16500 | 16500 | 990 | 990 | 18480 |
| 6 | ANGANWADI FULL PAINTING | 10 | 29800 | 298000 | 17880 | 17880 | 333760 |
| 7 | ANGANWADI FRONT WALL PAINTING | 1 | 11900 | 11900 | 714 | 714 | 13328 |
| 8 | UPSTAIR FULL PAINTING | 1 | 16580 | 16580 | 994.80 | 994.80 | 18569.60 |
| 9 | UPSTAIR FRONTAGE PAINTING | 1 | 7500 | 7500 | 450 | 450 | 8400 |
| 10 | FRONT LEFT AND RIGHT SIDE COMPOUND WALL | 1 | 17300 | 17300 | 1038 | 1038 | 19376 |
| 11 | FRONT LEFT AND RIGHT SIDE COMPOUND WALL | 1 | 17300 | 17300 | 1038 | 1038 | 19376 |
| 12 | FRONT AND RIGHT SIDE COMPOUND WALL PAINTING | 1 | 12900 | 12900 | 774 | 774 | 14448 |
| 13 | FRONT AND RIGHT SIDE COMPOUND WALL PAINTING | 1 | 12900 | 12900 | 774 | 774 | 14448 |
| 14 | FRONT AND RIGHT SIDE COMPOUND WALL PAINTING | 1 | 17890 | 17890 | 1073.40 | 1073.40 | 20036.80 |
| 15 | FRONT AND RIGHT SIDE COMPOUND WALL PAINTING | 1 | 13900 | 13900 | 834 | 834 | 15568 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | FRONT COMPOUND WALL PAINTING | 1 | 12900 | 12900 | 774 | 774 | 14448 |
| 17 | FRONT AND RIGHT SIDE COMPOUND WALL PAINTING | 1 | 15700 | 15700 | 942 | 942 | 17584 |
| 18 | FRONT COMPOUND WALL PAINTING | 1 | 12900 | 12900 | 774 | 774 | 14448 |
| | | | | 1000805 | 74617.05 | 74617.05 | 1150039 |

ആകെ നൽകിയ തുക-19,60,000 രൂപ(ഇൻവോയ്സ് നമ്പർ 584/5.3.22 പ്രകാരം 11,50,039രൂപയിൽ 11,10,039 രൂപയാണ് അടവാക്കിയത്.11,10,039+8,49,967=19,60,006.ആയതിൽ19,60,000രൂപ അടവാക്കി.)

മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഇൻവോയ്സ് നമ്പർ വാങ്ങിയ തിയതി ,സാധനങ്ങളുടെ സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2 11.1.2023 ന് പെരുവിൽകുണ്ട്(നമ്പർ 118), പൊന്നംകുന്ന്(നമ്പർ 132),ഐണ്ണൂർ (നമ്പർ 128) എന്നീ അംഗനവാടികളിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി.ആർട്ട്കോയിൽ നിന്നും വാങ്ങിയ സാധന സാമഗ്രികൾ ഉണ്ടെങ്കിലും ഫർണിഷിംഗ് വർക്കുകളുടെ കൃത്യത രേഖകളുടെ അഭാവത്തിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3 ഏതെല്ലാം അംഗനവാടികളിൽ ഏതെല്ലാം പ്രവൃത്തികൾ നിശ്ചിത സ്പെസിഫിക്കേഷനിൽ നടപ്പിലാക്കി എന്നു കാണിക്കുന്ന വിശദമായ റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂടാതെ ആർട്ട്കോ ഏതെല്ലാം അംഗനവാടികളിൽ ഏതെല്ലാം അളവിൽ ഏതുതരം പെയിന്റിംങ്ങാണ് നടത്തിയെന്ന് രേഖപ്പെടുത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.
4 അംഗനവാടികളിൽ ലഭിച്ചിട്ടുള്ള സാധന സാമഗ്രികൾ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

7 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ പ്രസിഡന്റ് ഒഴികെയുള്ളവരുടെ ഡെസിഗ്നേഷൻ , പരിശോധന നടത്തിയ തിയതി പരിശോധനയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പര് 4/6.1.2023 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടവാക്കുവാൻ അവശേഷിച്ചിരുന്ന 1% ഇൻകംടാക്സ് ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് 1220110274/G100508/12.1.2023 നമ്പർ രശീതി പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.
മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും വളരെ വലിയ തുക ചെലവഴിട്ടാണ് അംഗനവാടി സ്മാർട്ട് ആക്കൽ പ്രോജെക്ട് നടപ്പാക്കിയിട്ടുള്ളത്. പ്രോജെക്ടിന്റെ നിർവഹണ കാലയളവിൽ ചെയ്യേണ്ടതായ പല രേഖകളും ആഡിറ്റ് ഫയലിൽ സൂക്ഷിക്കാതെ ഓഡിറ്റ് എൻക്വയറി നൽകി കഴിഞ്ഞതിനു ശേഷമാണ് ശരിയാക്കിയിട്ടുള്ളത്. യഥാസമയം രേഖകൾ ലഭ്യമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ക്രമനമ്പർ2 ഇൻവോയ്സ് നമ്പർ 584/5.3.22 പ്രകാരം അംഗനവാടി പെയിന്റിംഗ് വർക്കുകളാണ് നടത്തിയിട്ടുള്ളത്. നിർവഹണ ഏജൻസി നൽകിയ ഇൻവോയ്സിൽ ഏതെല്ലാം അംഗനവാടികളിൽ എത്ര അളവിലാണ് പെയിന്റിംഗ് നിർവഹിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയ ശേഷം സമർപ്പിച്ച് മറുപടിയോടൊപ്പവും മേൽ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിലും ചില അംഗനവാടികളിൽ പെയിന്റിംഗ് നടത്തിയിട്ടുണ്ട്. ആയതിനാൽ പെയിന്റിംഗ് വർക്കിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ പ്രവൃത്തി സംബന്ധിച്ച് വിശദാംശങ്ങൾ ഒന്നും സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും അപൂർണമാണ്. ആയതിനാൽ വ്യക്തമായ മോണിറ്ററിംഗ് നടന്നിട്ടില്ലെന്ന് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ അംഗനവാടി പെയിന്റിംഗിനു ചെലവഴിച്ച് 5,77,002രൂപ (ഇൻവോയ്സ് നമ്പർ584/5.3.22 പ്രകാരം ക്രമനമ്പർ 3 മുതൽ 18 വരെയുള്ള (അംഗനവാടി പെയിന്റിംഗിന്റെ ചെലവ് തുക) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അംഗനവാടി പെയിന്റിംഗിന്റെ കൃത്യത പരിശോധിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 പി എം എ വൈ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.-ചെലവ് തുക തടസ്സം ചെയ്യുന്നു,

വി.ഇ.ഒ നിർവഹണം നടത്തിയ പിഎംഎവൈ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ 1

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/ പ്രോജെക്റ്റിന്റെ പേര് | 144 പിഎംഎവൈ ജനറൽ |
| അടങ്കൽ | 1,40,000 വികസന ഫണ്ട് |
| ചെലവ് | ചെലവ്-1,40,000-വികസനഫണ്ട്<br>ബിൽ നമ്പർ 338 /21-22 തി.24.2.2022 |

ക്രമനമ്പർ 2

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/ പ്രോജെക്റ്റിന്റെ പേര് | 145 പിഎംഎവൈ എസ് സി |
| അടങ്കൽ | 1,25,000 വികസന ഫണ്ട് എസ് സി പി |
| ചെലവ് | ചെലവ്-1,25,000-വികസന ഫണ്ട് എസ് സി പി<br>ബിൽ നമ്പർ 339 /21-22 തി. 24.2.2022 |

പി എംഎവൈ പദ്ധതി ജനറൽ ,എസ് സി എന്നിവയിനത്തിൽ 2,65,000 രൂപ (1,40,000+1,25,000) രൂപ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. മേൽ പ്രോജെക്ടുകൾ നിർവഹണം നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നമ്പർ 17/10.1.2023 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2,65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 സാക്ഷരതാ പ്രേരകിന് ഹോണറേറിയം- തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

2021-22 വർഷത്തിൽ വൗച്ചർ നം. 22100226/11.05.2021 പ്രകാരം 10000 രൂപ, 22100227/11.05.2021 പ്രകാരം 9,200 രൂപ എന്നിങ്ങനെ ശ്രീമതി. മൈമൂന ഇ, സാക്ഷരതാ പ്രേരക്ന് 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഹോണറേറിയം ഇനത്തിൽ തനത്ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാൻ അവശ്യപ്പെട്ട് നൽകിയ 29/11.01.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഇതേ വരെ ജില്ലാ സാക്ഷരതാമിഷനിൽ നിന്ന് തുക അനുവദിക്കാത്ത കാരണത്താൽ ക്രമീകരിച്ചിട്ടില്ലെന്നും തുക അനുവദിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഇൻകം ടാക്സ് ലേറ്റ് ഫയലിംഗ് ഫീ- ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 22100235/09.06.2021 പ്രകാരം 3000 രൂപ ഇൻകം ടാക്സ് Q3 ലേറ്റ് ഫയലിംഗ് ഫൈൻ അടവാക്കുന്നതിനായി തനത്ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനായി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ അനുവാദമില്ല. നിയമ വിരുദ്ധമായി ഇൻകം ടാക്സ് ലേറ്റ് ഫയലിംഗ് ഫീ- ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 30/11.01.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ആദായ നികുതി ക്യൂ 3 സമയം വൈകി ഫയൽ ചെയ്തതിന്റെ ഫൈൻ അടവാക്കുന്നതിനായി തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച 3000/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തുക അടവാക്കി അറിയിക്കേണ്ടതാണ്.

## 1-26 നെൽകൃഷി വികസനം- അപാകതകൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസനം എന്ന പ്രോജെക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/ പ്രോജെക്റ്റിന്റെ പേര് | 87/22-നെൽകൃഷി വികസന പദ്ധതി |
| അടങ്കൽ | 8,21,600-വികസന ഫണ്ട്<br>ഗുണഭോക്തൃവിഹിതം 1,25,000 |
| ചെലവ് | ചെലവ്-8,21,600-വികസനഫണ്ട്<br>ഗുണഭോക്തൃവിഹിതം 1,25,000 |

ബിൽ നമ്പർ 4/തി.11.2.22 പ്രകാരം നെൽകൃഷി വികസനത്തിന് കൂലിച്ചെലവ് ഇനത്തിൽ 62 കർഷകർക്ക് 3,75,000 രൂപയും ബിൽ നമ്പർ 5/21-22 തി.14.2.22പ്രകാരം 60 കർഷകർക്ക് 4,25,000 രൂപയും ഉൾപ്പടെ ആകെ 8,00,000 രൂപ സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 സർക്കാർ ഉത്തരവ് (കൈ)22/18തസ്വഭവ തി. 14.2.18 ഖ. 6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് നൽകുന്ന ഗുണഭോക്താക്കൾ കൃഷി വകുപ്പിൽ നിന്നും ഈ ഇനത്തിൽ തുക കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ കൃഷി വകുപ്പിൽ നിന്നും ഇത്തരത്തിൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2 സർക്കാർ ഉത്തരവ്(കൈ) 22/18 തസ്വഭവ തി. 14.2.18 ഖ.6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ വിള ഇൻഷ്വറൻസ് മുൻകൂറായി അടച്ച് രശീതി വാങ്ങി സൂക്ഷിക്കാൻ നിർദേശിച്ചിരുന്നു.എന്നാൽ ഫയലിൽ കർഷകർ വിള ഇൻഷ്വറൻസ് മുൻകൂറായി അടവാക്കിയ രശീതി സൂക്ഷിച്ചിട്ടില്ല.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നമ്പർ 16/10.1.2023 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ അപാകതകൾ പരിഹരിച്ച് ആവശ്യപ്പെടുമ്പോൾ രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ടോയ് ലറ്റ് നിർമ്മാണം-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വി.ഇ.ഒനിർവഹണം നടത്തിയ ടോയ് ലറ്റ് നിർമ്മാണം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്ട് നമ്പർ/ പ്രോജെക്ടിന്റെ പേര് | 165/22 ടോയ് ലറ്റ് നിർമ്മാണം (SO) |
| അടങ്കൽ | 12,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് | ചെലവ്-1,40,000-സംസ്ഥാനാവിഷ്കൃത ഫണ്ട്<br>ചെക്ക് നമ്പർ 025609/30.3.22 |

പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 35/12.1.2023 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 1,40,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

2021-22 വർഷത്തിൽ വി.ഇ.ഒ നിർവഹണം നടത്തിയ ലൈഫ് ഭവനപദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന പ്രോജെക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | ചെലവ് | ഫണ്ട് |
|---|---|---|---|---|
| 1 | 160 | ലൈഫ് ഭവനപദ്ധതി എസ് സി ഘട്ടം 3(so) | 568461 | വികസന ഫണ്ട് |
| 2 | 163 | ലൈഫ് ഭവനപദ്ധതി എസ് സി (So) | 800000 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | ,, | ,, | 300000 | ലോൺ |
| 3 | 49 | ലൈഫ് ഭവനപദ്ധതി എസ് സി | 1814400 | വികസനഫണ്ട് |
| | ,, | ,, | 644000 | വികസന ഫണ്ട് എസ് സി പി |
| 4 | 161 | ലൈഫ് ഭവനപദ്ധതി ജനറൽ(so) | 150000 | വികസനഫണ്ട് |
| | ,, | ,, | 800000 | സംസ്ഥാനാവിഷ്കൃത ഫണ്ട് |

| | | | | |
|---|---|---|---|---|
| | ,, | ,, | 500000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ,, | ,, | 680000 | ലോൺ |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതിന്റെയും എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ആകെ ഗുണഭോക്താക്കൾ | ഭവനനിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ളവരുടെ എണ്ണം |
|---|---|---|---|
| ലൈഫ് ഭവനപദ്ധതി എസ് സി ഘട്ടം 3(so) | 9 | 6 | 3 |
| ലൈഫ് ഭവനപദ്ധതി എസ് സി (So) | 20 | 15 | 5 |
| ലൈഫ് ഭവനപദ്ധതി എസ് സി | 34 | 3 | 31 |
| ലൈഫ് ഭവനപദ്ധതി ജനറൽ(so) | 14 | 11 | 3 |

ലൈഫ് ഭവനപദ്ധതി സംബന്ധിച്ച് താഴെ പറയുന്ന് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1 ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ലൈഫ് ഭവനപദ്ധതി സംബന്ധിച്ച രജിസ്റ്ററുകൾ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 1-29 അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല.

1) അളവ് പുസ്തകം (M BOOK) സ്റ്റോക്ക്

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് വാങ്ങിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തിൽ കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS യുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. എന്നാൽ പഞ്ചായത്തിൽ ലഭിക്കുന്ന അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിന്റെ വിശദാംശം സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, MGNREGS അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുക പോലും ചെയ്യുന്നില്ല. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള എണ്ണം സ്റ്റോറിൽ നിലവിലുള്ളതുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | സ്റ്റോറിൽ നിലവിലുള്ളത് |
|---|---|---|
| അളവ് പുസ്തകം (25 പേജ്) | 310 | 112 |
| അളവ് പുസ്തകം (50 പേജ്) | 54 | 170 |
| അളവ് പുസ്തകം (100 പേജ്) | 00 | 39 |

2) ടെണ്ടർ ഫോം സ്റ്റോക്ക്

മേൽ വിശദീകരിച്ചത് പോലെ, ടെണ്ടർ ഫോം സെക്രട്ടറി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് വിതരണം

ചെയ്തതിന്റെ വിശദാംശം സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, MGNREGS അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുക പോലും ചെയ്യുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 40/13.01.2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-30 തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും വൈദ്യുതിചാർജ്ജും - കണക്കുകൾ വ്യവസ്ഥപിതമായി സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ സ്ഥാപനം പരിപാലനം വൈദ്യുതി ചാർജ് എന്നീ മേഖലകളിൽ ഗ്രാമപഞ്ചായത്ത് ഭീമമായ തുക ചെലവ് ചെയ്യുന്നുണ്ട്. എന്നാൽ ഈ മേഖലകളിലെ ആസൂത്രണം, ചെലവ് അക്കൗണ്ടിംഗ്, സ്ഥിതിവിവരക്കണക്കുകളുടെ സൂക്ഷിപ്പ് എന്നിവ വ്യവസ്ഥാപിതമല്ല എന്നാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

തെരുവ് വിളക്കുകൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

1. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം.

2. ഇവയിൽ മീറ്റർ വെച്ച് പ്രവർത്തിക്കുന്നവ

3.വൈദ്യുതി ബോർഡ് നൽകിയ കൺസ്യൂമർ നമ്പറുകൾ

ഇവ സംബന്ധിച്ച് വിവരങ്ങൾ വ്യവസ്ഥപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2.തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് :-

എല്ലാ കണക്ഷനുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടോ എന്ന് വ്യക്തമല്ല. 2021-22 ൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ആകെ 999839/- രൂപ ചെലവുണ്ട്.

3. തെരുവ് വിളക്ക് ലൈൻ മീറ്റർ സ്ഥാപിക്കൽ

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (230/21) പ്രവൃത്തികൾക്കായി 151000/- രൂപ 2020-21 ൽ വിനിയോഗിക്കുകയും തുക എടവണ്ണ കെ.എസ്.ഇ.ബിക്ക് നൽകുകയും ചെയ്തിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ലെന്ന് 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 1-36 ആയി പരാമർശിക്കുകയും ചെയ്തിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം ലഭ്യമല്ല. കൂടാതെ 2021-22
തെരുവ് വിളക്ക് ലൈൻ മീറ്റർ സ്ഥാപിക്കൽ (303/22 ) പദ്ധതി പ്രകാരം 1136620/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിവരം ലഭ്യമല്ല.
4). സ്ട്രീറ്റ് ലൈറ്റ് റിപ്പയർ , ഉപകരണങ്ങൾ വാങ്ങൽ (306/22) പദ്ധതി പ്രകാരം 188564/- (90/21-22/22.03.2022) രൂപ ചെലവഴിച്ച് ഉപകരണങ്ങൾ (ഇ.നം 144/18.03.22 പ്രകാരം 18 W COSPRO LED Bulb– 853 NOs, 853 – Bulb Holder അനുബന്ധ ഉപകരണങ്ങൾ ) എന്നിവ എ.കെ.എഞ്ചിനീയറിംഗ് കമ്പനിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തതിന്റെയും എവിടെയെല്ലാം ഉപയോഗിച്ചു എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.
തെരുവുവിളക്കുകളുടെ സ്ഥാപനം, പരിപാലനം എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ. 1-36,1-37, 1-39) പരാമർശിച്ചിരുന്നു. എന്നാൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്ത് ഭീമമായ തുക ചെലവ് ചെയ്യുന്ന ഈ മേഖലയിലെ കണക്കുകളും നിയന്ത്രണ സംവിധാനങ്ങളും കാര്യക്ഷമമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 43/13.01.2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-31 ആശ്രയ പദ്ധതി

| | |
|---|---|
| പദ്ധതി | ആശ്രയ പദ്ധതി (24/22) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 3,00,000/- ( ബി.നം 5/21-22/25.10.2021- 105000/-<br>ബി.നം 15/21-22/05.03.2022- 195000/-) |

അസിസ്റ്റന്റ് സെക്രട്ടറി 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം അഗതി രഹിത കേരളം പദ്ധതിയിലെ എസ്.സി വീട് റിപ്പയർ ഗുണഭോക്താക്കൾക്കായി 3,00,000/- രൂപ എടവണ്ണ സി.ഡി എസ് - അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് (1696101021186) 3,00,000/- രൂപ നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന വിഷയം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ഡി.പി.ആർ പ്രകാരം വീട് റിപ്പയറിനായി സഹായം ആവശ്യമുള്ള എത്ര ഗുണഭോക്താക്കളാണുള്ളത്.
2. മേൽ പരാമർശിച്ച പദ്ധതി പ്രകാരം (24/22) എത്ര ഗുണഭോക്താക്കൾക്ക് സഹായം നൽകി.
3. മേൽ പരാമർശിച്ച പദ്ധതി പ്രകാരം ലഭ്യമായ തുകയിൽ എസ്.സി വീട് റിപ്പയർ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുകയുടെ വിവരം.
4. തുക ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം.

ഡി.പി.ആർ പ്രകാരം വീട് റിപ്പയറിനായി സഹായം ആവശ്യമുള്ള 2 ഗുണഭോക്താക്കളാണുള്ളതെന്നും എസ്റ്റിമേറ്റും അനുബന്ധരേഖകളും ടി വ്യക്തികൾ സി.ഡി. എസിൽ സമർപ്പിച്ച് അഡ്വാൻസ് തുക ആവശ്യപ്പെട്ടതായും സി.ഡി. എസ് ഭരണസമിതിയുടെ അംഗീകാരം ലഭിച്ച ശേഷം തുക കൈമാറുന്നതാണെന്നും അസി.സെക്രട്ടറി അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 40/13.01.2023 )

## 1-32 ആർ.ജി.എസ്.എ റിസോഴ്സ് സെന്റർ - വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി നമ്പർ | 327/22 |
| പേര് | ആർ.ജി.എസ്.എ റിസോഴ്സ് സെന്റർ - വിഹിതം നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക (₹) | 2,65,000/- |
| ചെലവ് (₹) | 2,65,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ബിൽ നമ്പർ / തീയതി | 79/21-22/19.02.2022 |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.01.2022 ലെ DDP-MPM/407/2021-D10 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ആർ.ജി.എസ്.എ റിസോഴ്സ് സെന്റർ - വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 2,65,000/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് (A/C 715011400000155 മലപ്പുറം ജില്ലാ ട്രഷറി) കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതിയോ, വിനിയോഗ സാക്ഷ്യപത്രമോ വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് (27/11.01.2023) നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്നമുറക്ക് പരിശോധനക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-33 ചാത്തല്ലൂർ പി.എച്ച്.സി കെട്ടിട നിർമ്മാണം -വിഹിതം നൽകൽ - തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി നമ്പർ | 222/22 |
| പേര് | ചാത്തല്ലൂർ പി.എച്ച്.സി കെട്ടിട നിർമ്മാണം -പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക (₹) | 14,50,000/- |
| ചെലവ് (₹) | 14,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നമ്പർ / തീയതി | XVFC/2021-22/P1 തീയതി 17.11.2021 |

ജില്ലാ പ്രോഗ്രാം മാനേജർ , ആരോഗ്യ കേരളം മലപ്പുറത്തിന്റെ 24.08.2021 ലെ NHM-2052/2021/DPMSU-MLPM നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചാത്തല്ലൂർ പി.എച്ച്.സി കെട്ടിട നിർമ്മാണം -പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 1450000/- രൂപ ആരോഗ്യ കേരളം മലപ്പുറം ജില്ലാ പ്രോഗ്രാം മാനേജർക്ക് (A/C 074901001276/ICICI മലപ്പുറം ) കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതിയോ, വിനിയോഗ സാക്ഷ്യപത്രമോ വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടതിനെ (എൻക്വയറി 28/11.01.2023) തുടർന്ന് രശീതി ഹാജരാക്കുകയും പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം നൽകാമെന്ന് എൻ.എച്ച്.എം ൽ നിന്ന് ഫോൺമുഖേന അറിയിപ്പ് ലഭിച്ചതായും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-34 MGNREGS -ടെൻണ്ടർ നടപടിയിലെ അപാകതകൾ- ഓഡിറ്റ് അന്വേഷണത്തേ തുടർന്ന് 23636/-രൂപ അടവാക്കി

MGNREGSൽ വിവിധ പ്രവർത്തികൾക്കായി മെറ്റീരിയൽ പർച്ചേസ് നടത്തിയതിലെ ടെൻണ്ടർ നടപടികളിലെ ടെൻണ്ടർ ഫോം വില കുറവായി അടവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:31/21-22/11.1.23) ആകെ കുറവ് വന്ന തുക 23636/-രൂപ രശീതി നം :12202110271/12.1.23 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-35 വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 303/22 തെരുവ് വിളക്ക് ലൈൻ മീറ്റർ സ്ഥാപിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ എടവണ്ണ | ചെലവ് : 1136620/- (341366-CFC+795254- തനത് ഫണ്ട്)<br>വൗച്ചർ നമ്പർ : 22100967/17.02.2022<br>തുക : 341366 രൂപ<br>വൗച്ചർ നമ്പർ : 22100968/19.02.2022<br>തുക : 40312 രൂപ<br>വൗച്ചർ നമ്പർ : 22101119/30.03.2022<br>തുക : 754942 രൂപ |
| 304/22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ എടവണ്ണ | ചെലവ് : 170237/- (തനത് ഫണ്ട്)<br>വൗച്ചർ നമ്പർ : 22100738/01.01.2022<br>തുക : 60094 രൂപ<br>വൗച്ചർ നമ്പർ : 22100958/10.02.2022<br>തുക : 69233 രൂപ |

| | | |
|---|---|---|
| | | വൗച്ചർ നമ്പർ : 22101037/07.03.2022<br>തുക : 8211 രൂപ<br>വൗച്ചർ നമ്പർ : 22101070/15.03.2022<br>തുക : 32699 രൂപ |
| ആകെ ചെലവ് തുക | | 1306857 |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

(എൻക്വയറി.38/12.01.2023 മറുപടി ലഭ്യമാക്കിയില്ല)

## 1-36 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് അടവാക്കി.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പാക്കിയ_തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കൽ (13/22) എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്ന് 9,99,839/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനുവേണ്ടിയാണ് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടത് 13- ാം പദ്ധതിയും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗവും -ജി.(കൈ)11/2018/തസ്വഭവ തി.29.012018 ഖ 6.7) .(നിലവിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ആയത് സംബന്ധിച്ച് കൃത്യതയില്ല)കൂടാതെ പി.എച്ച്.സി,സബ്സെന്റർ ,കൃഷി ഭവൻ ,വെറ്റിനറി ,സ്കൂളുകൾ മെഡിക്കൽ സെന്റർ എന്നിവയുടെ സംരക്ഷണ പദ്ധതികൾക്ക് പ്രൊജക്ടുകൾ അപര്യാപ്തമാണ്) അങ്ങിനെയിരിക്കേ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിന് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചതി ക്രമപ്രകാരമല്ല._തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിന് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി.38/12.01.2023 ന് അപാകത ആവർത്തിക്കില്ലെന്ന മറുപടി ലഭ്യമാക്കി.

## 1-37 ഹോമിയോ മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

നിർവ്വഹണോദ്ധ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ (ഹോമിയോ)

| | |
|---|---|
| പ്രൊജക്ട് | 63/22 |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്/391200 |
| ചെലവ്/ വൗച്ചർ നമ്പർ | 391200(BRN 21151852033600724429/28-11-21 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (GHD) |

മെഡിക്കൽ ഓഫീസർ (GHD) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയിലേക്ക് 391200 /- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 176320/- രൂപയുടെ മരുന്നുകൾ മാത്രമാണ് 10/01/2023 തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. 214800/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prof Inv. No. PF989/19-11-21 | 391200 | Invoice No.LF 811/28-10-22 | 176320 |
| ആകെ | | 391200 | ആകെ | 176320 |

ലഭ്യമാക്കാൻ അവശേഷിക്കുന്ന 214800/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 21/11.01.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-38 പഞ്ചായത്ത് വാഹനത്തിന് ടയർ മാറ്റൽ -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

KL-10-AV-5882 നമ്പർ വാഹനത്തിന്റെ ടയർ ( 4 എണ്ണം) , വീൽകപ്പ് എന്നിവ മാറ്റിയതിനും അലൈൻമെന്റ് , വീൽ ബാലൻസിംഗ് എന്നിവ ചെയ്തതിനും (ഇൻവോയ്സ് നം. 228/01.09.2021- 24881/-, 229/01.09.2021-3150/-) 28031/-രൂപ വൗച്ചർ നം. 22100611/12.11.2021 പ്രകാരം നജീബ് അരഞ്ഞിക്കൽ , വൺസ്റ്റോപ്പ് വർക്ക്ഷോപ്പ് എന്നവർക്ക് തനത്ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് വാഹനം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി. ഡബ്ല്യു.

ഡി, മെക്കാനിക്കൽ സബ് ഡിവിഷൻ പരിശോധിച്ച് 06.10.2021 ന് നൽകിയ Essentiality Certificate ൽ വാഹനത്തിന്റെ രണ്ട് ടയറുകൾ (JK 2919 – 2 Nos) മാറ്റുന്നതിനും 25.10.2021 ന് നൽകിയ Essentiality Certificate ൽ രണ്ട് ടയറുകൾ (JK 2919 – 2 Nos) മാറ്റുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). വാഹനത്തിന്റെ ടയർ ( 4 എണ്ണം) മാറ്റുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ആണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. Tyre 215/75 R-15' 100T സ്പെസിഫിക്കേഷൻ ഉള്ള ടയറിന് ( 4 എണ്ണം) സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ക്വട്ടേഷൻ സമർപ്പിച്ച തിയ്യതി | തുക |
|---|---|---|
| വൺസ്റ്റോപ്പ് | OSMW-001-2021 Dtd.05.08.2021 | 25600/- |
| NH Auto Mech | NHAMC-001 Dtd.06.08.2021 | 25200/- |
| MLTR TIER& Alignment | MLTR -003-21 Dtd.06.08.2021 | 26000/- |

Essentiality Certificate ലഭിക്കുന്നതിന് മുൻപുതന്നെ ക്വട്ടേഷൻ നടപടികൾ ആരംഭിച്ചതായി ഇതിൽ നിന്ന് വ്യക്തമാകുന്നു. കൂടാതെ ക്വട്ടേഷനുകൾ പരിശോധിച്ച് തയ്യാറാക്കിയ Comparative Statement ലും അപാകതയുള്ളതായി കാണുന്നു. സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമുള്ള തുകയല്ല Comparative Statement ൽ ചേർത്തിട്ടുള്ളത്.

| Description | QNTY | വൺസ്റ്റോപ്പ് | NH Auto Mech | MLTR TIER& Alignment |
|---|---|---|---|---|
| Tyre 215/75 R-15' 100T | 4 | 24400 | 25300 | 26000 |

2). ഇൻവോയ്സ്.നം. 228/01.09.2021- 24881/-, 229/01.09.2021-3150/- എന്നിവ പ്രകാരമുള്ള തുകയാണ് അനുവദിച്ചത്. Essentiality Certificate ലഭിക്കുന്നതിന് മുൻപുതന്നെ 4 ടയറുകളും വാങ്ങിയതായും ഇതിൽ നിന്ന് വ്യക്തമാകുന്നു.

3). സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തത് NH Auto Mech എന്ന സ്ഥാപനമാണ്. എന്നാൽ ഈ സ്ഥാപനത്തെ തെരഞ്ഞെടുക്കാതെ ഉയർന്ന തുക ക്വാട്ട് ചെയ്ത വൺസ്റ്റോപ്പ് എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല. സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത തുക കണക്കിലെടുക്കാതെ വൺസ്റ്റോപ്പ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് വാഹനം അപകടത്തിൽപ്പെട്ടതിനെ തുടർന്നുള്ള റിപ്പയറിംഗിന് എസ്റ്റിമേറ്റ് എടുത്തപ്പോൾ ടയർ മാറ്റുന്ന കാര്യം ഉൾപ്പെടുത്തിയിരുന്നില്ല എന്നും വാഹനം സർവ്വീസ് നടത്തുക എന്നത് അത്യാവശ്യമായതിനാൽ പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം അടിയന്തിരമായി ടയർ മാറ്റുകയാണുണ്ടായതെന്ന മറുപടി ലഭ്യമാക്കി. എന്നാൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത NH Auto Mech എന്ന സ്ഥാപനത്തെ പരിഗണിക്കാത്തതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി. 35/12.01.2023)

## 1-39 FHC -മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

നിർവ്വഹണോദ്ധ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ( FHC)

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ രണ്ട് പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

I- പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ[57/22]

| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം)/400000 |
|---|---|
| മരുന്നിന് ചെലവഴിച്ച തുക/ ബിൽ നമ്പർ | ₹ 253802/ ( 21151852034100993225/22-1-22)<br>₹ 100198/ ( 211518520341012292991/2-3-22) |

മേൽ പ്രൊജക്ട് പ്രകാരം 354000 രൂപ മുൻകൂർ നൽകിയതിൽ 278162 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത്. ₹

75838 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prf 4933/ 20.01.2022 | 253802 | Inv No 15297/30.03.2022 | 25525 |
| | | | Inv No 1662/5.05.2022 | 75872 |
| | | | Inv No 5173/29.06.2022 | 32959 |
| | | | Inv No 8972/22.08.2022 | 17166 |
| | | | Inv No 11839/21.09.2022 | 8208 |
| | | | Inv No 15949/4-11-22 | 13564 |
| | | | Inv No 16591/9-11-22 | 9019 |
| | | | Inv No 17074/14-11-22 | 4412 |
| | | | Inv No 17395/16-11-22 | 798 |
| | | | Inv No 17398/21-11-22 | 17100 |
| | | | Inv No 18487/24-11-22 | 12026 |
| | | | Inv No 20934/22-12-22 | 4716 |
| 2 | Prf 6213/ 25.02.2022 | 100198 | Inv No 11077/15-9-22 | 13502 |
| | | | Inv No 15801/3-11-22 | 1769 |
| | | | Inv No 13721/13-10-22 | 3462 |
| | | | Inv No 13187/7-10-22 | 4285 |
| | | | Inv No 4562/17-6-22 | 2311 |
| | | | Inv No 17034/14-11-22 | 31468 |
| ആകെ | | 354000 | ആകെ | 278162 |

II) കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ [317/22]

| | |
|---|---|
| ഫണ്ട്/അടങ്കല് | മെയിന്റനൻസ് ഫണ്ട് (റോഡിതരം)/500000 |
| ചെലവ്/ ബിൽ നമ്പർ | ₹ *327153* *21151852034100993232/22-1-22* |

മേൽ പ്രൊജക്റ്റ് പ്രകാരം 327153 രൂപ മുൻകൂർ നൽകിയതിൽ 298616 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത്. ₹ 28537/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prf 4932/ 20.01.2022 | 327153 | Inv No 17400/16-11-22 | 61640 |
| | | | Inv No 11835/21-9-22 | 5726 |
| | | | Inv No 8984/23-8-22 | 5520 |
| | | | Inv No 411/18-4-22 | 89132 |
| | | | Inv No 413/18-4-22 | 136598 |
| ആകെ | | 372153 | ആകെ | 298616 |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 19/11.01.2023 ) അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-40 അസി.എൻജിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ

മരാമത്ത് പ്രവർത്തികളുടെ ഇ ടെൻണ്ടർ നടപടികളുടെ ഭാഗമായി ടെൻണ്ടർ ഫീ അടവാക്കുന്നതിന് അസി.എൻജിനിയറുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ (SBI എടവണ്ണ) 7.12.2022 തീയ്യതിയിൽ 284490.50/- രൂപ നീക്കിയിരിപ്പ് ഉണ്ട് .ആയത് വാർഷിക കണക്കിൽ ഉൾപ്പെടാത്ത തുകയാണ്. തുക പഞ്ചായത്തിന് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്.
അസി.എൻജിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ (നം :799011400001847) 182702/- രൂപ ചെലവഴിക്കപ്പെടാതെ 30.12.2022 നീക്കിയിരിപ്പ് ഉണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടാത്ത തുകയാണ്. തുക പഞ്ചായത്തിന് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇ‌ു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:5/21-22/6.1.23 ) തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-41 PHC റിപ്പയർ -പൊളിച്ചുമാറ്റിയവയുടെ ഡിസ്പോസൽ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട് നം:<br>പേര് | 192/22 -ചാത്തല്ലൂർ PHC അറ്റക്കുറ്റപ്പണി (SO) | അടങ്കൽ/ഫണ്ടിനം | 600000 (MGNR) |
| ചെലവ് | 546012 | വൗച്ചർ നം: /തീ: | 33-3/20-21 /25.3.21-381116 7-9/21-22/25.9.21 -164896 |
| കോൺട്രാക്ട് | സൂരജ്.പി.ടി | എഗ്രിമെന്റ് | 111/AE/EDV/20-21 /5.10.20 |
| എംബുക്ക് | 999/20-21 | PAC | 546012 |

അപാകതകൾ

1. ഐറ്റം നം (1) മേൽക്കൂര പൊളിച്ചു മാറ്റൽ (പേജ് 12 ) 213.84 M2 (@31.18/m2 =6667.53
2.ഐറ്റം (2) സ്റ്റീൽ വർക്ക് പൊളിച്ചുമാറ്റൽ (പേജ് 14) 157 കീലോ (@2.87/kg =450.59
3ഐറ്റം (5) ഇഷ്ടിക പൊളിച്ചുമാറ്റൽ (പേജ് 15) 2.300 M3 (@1005.15 /M3 =2311.85

മേൽ പ്രവർത്തിയിൽ ഐറ്റം 1,2,3 പൊളിച്ചുമാറ്റിയവ സ്റ്റോക്കിലെടുത്ത് സെക്രട്ടറിക്ക് ലേലം ചെയ്യാൻ കൈമാറിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയുട്ടുണ്ട്. ലേല നടപടി വിവരം ലഭ്യമാക്കുന്നതിന്ന് വേണ്ടി ഇ‌ു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/21-22/6.1.23) ഇ‌ു സംബന്ധിച്ച് സർവ്വേ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
(2)നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട് നം:<br>പേര് | 235/22 -ചാത്തല്ലൂർ PHC അറ്റക്കുറ്റപ്പണി(SO) | അടങ്കൽ/ഫണ്ടിനം | 500000 (MGNR) |
| ചെലവ് | 352625 | വൗച്ചർ നം: /തീ: | 48-3/21.22 /25.3.22 |
| കോൺട്രാക്ട് | ജംഷീർ .സി.എച്ച് | എഗ്രിമെന്റ് | 90/AE/EDV/21-22 /17.2.22 |
| എംബുക്ക് | 409/21-22 | PAC | 349144 |

അപാകതകൾ

1. ഐറ്റം നം (2) മേൽക്കൂര പൊളിച്ചു മാറ്റൽ (പേജ് 1 ) 62.48 M2 (@57.71/m2 =3605.72
2.ഐറ്റം (1) സ്റ്റീൽ വർക്ക് പൊളിച്ചുമാറ്റൽ (പേജ് 2) 138 കിലോ (@2.56/kg =353.28

മേൽ പ്രവർത്തിയിൽ ഐറ്റം 1,2, പൊളിച്ചുമാറ്റിയവ സ്റ്റോക്കിലെടുത്ത് സെക്രട്ടറിക്ക് ലേലം ചെയ്യാൻ കൈമാറിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയുട്ടുണ്ട്. ലേല നടപടി വവിരം ലഭ്യമാക്കേണ്ടതാണ്. ഇ‌ു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:11/21-22/9.1.23 ) ഇ‌ു സംബന്ധിച്ച് സർവ്വേ റിപ്പോർട്ടിന്മേൽ ലേല നടപടി

സ്വീകരിക്കുന്നതാണം, തുടർനടപടി വിവരം ഓഡിറ്റിന് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-42 റോഡ് കോൺക്രീറ്റ് - അധിക നിരക്കായി അനുവദിച്ച 27139/-രൂപ ഓഡിറ്റ് അന്വേഷണത്തേ തുടർന്ന് തിരികെ അടവാക്കി

നിർവ്വഹണോദ്ധ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിന് ഫോം വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിരിക്കുന്നത് ഫോം വർക്ക് ചെയ്യാതെയാണ് എന്ന് പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ഈ പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയ തുക മാത്രമെ കരാറുകാർക്ക് നൽകാവൂ. ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:15/21-22/10.1.23 )അധിക തുക നൽകിയത് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിൻറ വിവരം ലഭ്യമാക്കിയതിന്റ വിവരം താഴെ കൊടുക്കുന്നു

| പ്രൊജക്ട് നം/പേര് | വൗച്ചർ നം /തീ | അടവാക്കിയ തുക | രശീതി നം |
|---|---|---|---|
| 117/22-വല്ലപ്പുറം കോളനി റോഡ് കോൺക്രീറ്റ് | 5-3/21-22 /18.3.22 | 8868/- | 1220110283/G100508 /13.1.23 |
| 113/23-സുന്നിമദ്രസ്സ് റോഡ് കോൺക്രീറ്റ് | 6-12/21-22 /10.12.21 | 6656 | 1220110284/G100508 /13.1.23 |
| 109/22-4 സെന്റ് കോളനി റോഡ് കോൺക്രീറ്റ് | 9-3/21-22 /20.3.22 | 11615 | 1220110285/G100508 /13.1.23 |

## 1-43 മരാമത്ത് പ്രവർത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ

നിർവ്വഹണോദ്ധ്യോഗസ്ഥൻ :അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര്: | 186/22--ബ്രാനോളി വീമ്പുംക്കുഴി റോഡ് സൈഡ് കെട്ടൽ | അടങ്കൽ/ഫണ്ടിനം | 750000- (തനത് ഫണ്ട്) |
| ചെലവ് | 747119/- | വൗച്ചർ നം: /തീ: | 53-3/21-22 /31.3.2022 |
| കോൺട്രാക്ടർ | അജാസ് | എഗ്രിമെന്റ് | 102/20-21 /AE/LSGD /30.7.2020 |
| എംബുക്ക് | 403/20-21 | APAC | 667070 രൂപ |

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല (എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല). ഗ്രാമപഞ്ചായത്തിന്റതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷയും തുടർനടപടി (പഞ്ചായത്ത് തീരുമാനം) വിവരവും ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് PAC യുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും PAC യുടെ 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ മേൽ പറയുന്ന പ്രവൃത്തിയിൽ നിന്നും പിഴ ഈടാക്കാതെ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്. (പൂർത്തീകരണ തീയ്യതി എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല )തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഫൈൻ വിവരം ചുവടെ ചേർക്കുന്നു

30.7.2020 മുതൽ 30.11.2020 വരെ യഥാർത്ഥ കാലാവധി (TS സ്ലിപ് പ്രകാരം )

30.11.2020 മുതൽ 29.05.2021 വരെ സർക്കാർ അനുവദിച്ച കാലാവധി (കോവിഡ് കാലത്തേക്ക് )
30.5.2021 മുതൽ 15.3.2022 വരെ അവസാന ചെക്ക് മെഷർ ( പഞ്ചായത്ത് അനുമതി ഇല്ലാതെ ദീർഘിപ്പിച്ച കാലവധി )
30.5.2021 മുതൽ 30.8.2021 വരെ 1% -6670
30.8.2021 മുതൽ 30.11.2021 വരെ 2% -13340
30.11.2021 മുതൽ 28.2.2022 വരെ 2% - 13340
1.3.2022 മുതൽ 15.3.2022 വരെ 2% -2223
ആകെ -35573/-രൂപ

നഷ്ട തുക ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:14/21-22/9.1.23 )സമർപ്പിച്ച മറുപടി തൃപ്തികരമല്ല .കൂടാതെ പഞ്ചായത്ത് തീരുമാനമില്ലാതെയും ഫൈൻ ഈടാക്കാതെയും ദീർഘിപ്പിച്ചത് ക്രമപ്രകാരമല്ല.തുക വകുപ്പ് തല നടപടിയിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 5.1.2023 മുതൽ 6.1.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 139570 | 114/22-പച്ചക്കറി പ്രൊത്സാഹനം | 139570 | 0 |
| | 500000 | 161/22-ലൈഫ് ഭവന പദ്ധതി - ജനറൽ | 500000 | 0 |
| | 246180 | 40/22-ശാരീരിക മാനസിക വെല്ലുവിളി -സ്കോളർഷിപ്പ് | 246180 | |
| | | ആകെ | 885750 | |
| ജില്ലാ പഞ്ചായത്ത് | 883500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (40/22) | 883500 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 304/22 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കല് | 22100738/01.01.2022 | 60094/- രൂപ | 0 | 170237/- |
| | | 22100958/10.02.2022 | 69233/- രൂപ | | |
| | | 22101037/07.03.2022 | 8211 രൂപ | | |
| | | 22101070/15.03.2022 | 32699/- രൂപ | | |
| | . 303/22 തെരുവ് വിളക്ക് ലൈൻ മീറ്റർ സ്ഥാപിക്കൽ | 22100967/17.02.2022 | 341366 രൂപ | 0 | 1136620/- |
| | | 22100968/19.02.2022 | 40312 രൂപ | | |
| | | 22101119/30.03.2022 | 754942 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക(തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)4461/2020 /LSGD/ 18.12.20 | 800000 | 14005334 | 2449333 | 0 | 12356001 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9252/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-5 | 4702 | അൻവർ | 121100112162/21.2.22 |
| | 2-5 | 1360 | ആലിഹസ്സൻ | 121100112168/21.2.22 |
| | 2-5 | 2217 | ആമിന സി.കെ | 121100112444/23.2.22 |
| 2020-21 | 2-1 | 2 | റൂബീന .കെ | 121100105126/9.10.21 |
| | 2-1 | 970 | മണികണ്ഠൻ.ജെ | 121100105129/9.10.21 |
| | 2-1 | 1 | മോഹൻദാസ്.സി | 121100105130/9.10.21 |
| ആകെ | | 9252 | | |

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2 | 2012-13 | 3.3 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് - ആരോഗ്യമേഖല | -- |
| 2011-12 | 3(1) | 2014-15 | 4.1 | നിഷ്ക്രിയാസ്തികൾ - അവലോകനം | -- |
| 2011-12 | 3(2) | 2014-15 | 4.2.6 | മണൽ വാരൽ - അവലോകനം | -- |
| 2014-15 | 2(1), 2(2) | 2016-17 | അദ്ധ്യായം-2, അനുബന്ധം-4 | തൊഴിൽ നികുതി, വസ്തു നികുതി-ഈടാക്കാത്തത് സംബന്ധിച്ച് | -- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2008-11 | 3-17 | ശ്രീമതി.ശ്രീകല, വി.ഇ.ഒ, ഗ്രാമ വികസന വകുപ്പ് | LF6668/ Spl.Cell/SC /D1/13 /04.04.15 | 102000/- | -- | -- | -- | 102000/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 140836715 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 122885400 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2288859 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 577002 | ശ്രീമതി.ഷഹന ഷറിൻ ,ഐസിഡിഎസ് സൂപ്പർവൈസർ |
| 1-23 | 265000 | വി.ഇ.ഒ,ശ്രീ.ജാഫർ ടി |
| 1-27 | 140000 | വി.ഇ.ഒ,ശ്രീ.ജാഫർ ടി |
| 1-35 | 1306857 | സെക്രട്ടറി,ശ്രീ.എം.എ.ജയ് |
| ആകെ | 2288859 | |

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| | | |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 2 |
| 1998-99 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 1999-00 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 4 |
| 2000-01 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 2001-02 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 2003-04 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 2004-05 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 4 |
| 2005-06 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 3 |
| 2007-08 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 1 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 3 |
| 2011-12 | കെ.എസ്.എ.എം.പി.എം.5/3564/14 തി.26.08.2017 | 9 |
| 2012-13<br>2013-14 | കെ.എസ്.എ.എം.പി.എം.5/1408/15 തി.26.07.2017 | 11 |
| 2014-15 | കെ.എസ്.എ.എം.പി.എം.5/732/16 തി.17.07.17 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/2423/16 തി.19.02.18 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1773/17 തി.20.07.18 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം.5/12/19 തി.27.05.20 | 12 |
| 2018-19 | കെ.എസ്.എ.എം.പി.എം.5/457/2020 തി.14.07.21 | 19 |
| 2019-20 | കെ.എസ്.എ.എം.പി.എം.5/1757/2021 തി.20.04.22 | 8 |
| 2020-21 | കെ.എസ്.എ.എം.പി.എം.5/1758/2021 തി.20.4.22 | 8 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷികകണക്ക് സംക്ഷിപ്തം

(1)

| | | | |
|---|---|---|---|
| | Edavanna Grama Panchayat<br><br>BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 48644893.68 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br><br>Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 74145068.00 |
| | Total Reserve & Surplus | | 122789961.68 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13846165.00 |
| | Total Grants, Contributions for Specific Purposes | | 13846165.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12356001.00 |
| | Total Loans | | 12356001.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2291779.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2700420.32 |
| | Total Current Liabilities and Provisions | | 4992199.32 |
| | TOTAL LIABILITIES | | 153984327.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 141159728.00 |
| 411000000 | Accumulated Depreciation | B-11 | -65847090.00 |
| 412000000 | Capital Work in Progress | B-11(a) | 619825.00 |
| | Total Fixed Assets | | 75932463.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 10269363.00 |
| 440000000 | Pre-paid Expenses | B-16 | 12356001.00 |
| 450000000 | Cash and Bank Balance | B-17 | 50839326.00 |
| 460000000 | Loans, Advances and Deposits | B-18 | 4587174.00 |

(2)

| | | | |
|---|---|---|---|
| | Edavanna Grama Panchayat<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 11349103.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 435540.00 |
| 140000000 | Fee & User Charges | I-4(b) | 2444028.00 |
| 150000000 | Sale & Hire Charges | I-5(b) | 296717.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | I-6 | 225194656.00 |
| 171000000 | Interest Earned | I-8 | 841548.00 |
| 180000000 | Other Income | I-9 | 9252.00 |
| | Total Income | | 240570844.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13578901.00 |
| 220000000 | Administrative Expenses | I-11(b) | 1183909.00 |
| 230000000 | Operations & Maintenance | I-12(b) | 2253861.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector /<br><br>Programme Expenses | I-14 | 13132969.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 66844515.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6472860.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | I-14(c) | 5245808.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br><br>Schemes (not included under Decentralized Plan Programme) | I-14(d) | 84572840.00 |
| 255000000 | Maintenance Projects | I-14(e) | 23769895.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 5700.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | I-15 | 41000.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 8609018.00 |
| | Total Expenditure | | 225711925.00 |
| | Gross Surplus / Deficit of income over Expenditure | | 14858919.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -146667.00 |
| | Net difference (Prior period Income - Prior period Expenditure) | | 15005586.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

(3)

| | | | |
|---|---|---|---|
| | Edavanna Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32671641.00 |
| Cash | Cash | RP-40(a) | 216370.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1950230.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5000.00 |
| 140000000 | Fees & User Charges | RP-4 | 1895942.00 |
| 150000000 | Sale & Hire Charges | RP-5 | 295267.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 91972274.00 |
| 171000000 | Interest Earned | RP-9 | 841548.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21546324.00 |
| 350000000 | Other Liabilities | RP-36 | 614010.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9252.00 |
| 312000000 | Reserves | RP-30 | 184795.00 |
| 330000000 | Secured Loans | RP-32 | 800000.00 |
| 340000000 | Deposits Received | RP-34 | 502606.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 877345.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 19001158.00 |
| 460000000 | Loans, Advances and Deposits | RP-47 | 340964.00 |
| | Grand total | | 173724726.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3659559.00 |
| 220000000 | Administrative Expenses | RP-12 | 1183909.00 |
| 230000000 | Operations & Maintenance | RP-13 | 2204361.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10947129.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 33582554.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5994703.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 5245808.00 |

DEPUTY DIRECTOR
MALAPURAM-